<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5575</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>തദ്ദേശ സ്പോർട്സ് കൗൺസിലുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ചുമതലകൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തദ്ദേശ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കുക എന്നതാണ് തദ്ദേശ സ്ഥാപനതല സ്പോർട്സ് കൗൺസിലുകളുടെ അടിസ്ഥാന ദൗത്യം. ഗ്രാമീണ, നഗര തലത്തിൽ നടക്കുന്ന കായിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കായിക വികസനം ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഓരോ പ്രദേശത്തിന്റെയും സാധ്യതകളും സാഹചര്യങ്ങളും തിരിച്ചറിഞ്ഞു കളികളും, ശാരീരിക ക്ഷമതാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക, സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കായിക പദ്ധതികളും പരിപാടികളും മുഴുവൻ മേഖലകളിലും ഊർജിതമായി നടപ്പാക്കുക, അതത് തദ്ദേശ സ്വയംഭരണ പ്രദേശത്തെ സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക, കായിക മത്സരങ്ങൾ, ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയവ പ്രധാന ചുമതലകളിൽ ഉൾപ്പെടുന്നു. |
| (ബി) | കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സ്പോർട്സ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കൗൺസിലുകളുടെ ഘടനയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ